ഭരണഭാഷ – മാതൃഭാഷ

എൻ2/30680/2019

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം-33
തീയതി : 31/05/2019
Phone :0471-2305042
email: fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ
തിരുവനന്തപുരം.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ,
തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / കോട്ടയം/എറണാകുളം /
ആലുവ (ബ്രാക്കിഷ് വാട്ടർട്രെയിനിംഗ് / തൃശ്ശൂർ / മലപ്പുറം /
പാലക്കാട്/ കോഴിക്കോട് / കണ്ണൂർ / കാസർഗോഡ്.

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട് / ഇടുക്കി / പത്തനംതിട്ട

സർ,

വിഷയം : ഫിഷറീസ് - 2019-20 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതി - സംബന്ധിച്ച്.

..........

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു.

2019-20 അധ്യയന വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പത്രപരസ്യം കൊടുക്കുകയും 15/06/2019 ന് മുമ്പായി ജില്ലാ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമായ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഡയറക്ടറേറ്റിലേക്ക് 18/06/2019 -ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്.

അപേക്ഷാ ഫോറം, പത്രപരസ്യം എന്നിവ ഈ കത്തിനോടൊപ്പം അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം: മേൽപറഞ്ഞവ

ഫിഷറീസ് ഡയറക്ടർക്കു വേണ്ടി.

ജികെ. 30.5.19

# പത്ര പരസ്യം

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം

സംസ്ഥാന ഫിഷറീസ് വകുപ്പു മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു. ഒരു വർഷത്തെ റസിഡൻഷ്യൽ എൻട്രൻസ് കോച്ചിംഗിനാണ് സർക്കാർ ധനസഹായം നൽകുന്നത്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ജില്ലാ ഫിഷറീസ് ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം 15/06/2019 തീയതിക്കു മുമ്പായി ജില്ലാ ഫിഷറീസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ ഫിസിക്സ്/ കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 85% മാർക്കോടെ വിജയിച്ചതോ മുൻവർഷം നടത്തിയ NEET പരീക്ഷയിൽ 40% മാർക്ക് ലഭിച്ചവരോ ആയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടാകുകയുള്ളൂ.

ജികെ. 30.5.19

## രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നതിനുള്ള വിദ്യാതീരം പദ്ധതിയുടെ അപേക്ഷാ ഫോറം

ഫോട്ടോ

**ജില്ല** :

### I. പൊതു വിവരങ്ങൾ

1. അപേക്ഷകന്റെ പേര് (വിദ്യാർത്ഥിയുടെ) :
2. ജനന തീയതി :
3. സ്ത്രീ/പുരുഷൻ :
4. സ്ഥിര മേൽവിലാസം :
5. പിൻ : ☐☐☐☐☐☐
6. നിലവിലെ മേൽവിലാസം :
7. പിൻ : ☐☐☐☐☐☐
8. ഇ-മെയിൽ :
9. ഫോൺ നമ്പർ :
10. ആധാർ നമ്പർ :
11. രക്ഷകർത്താവിന്റെ ബയോമെട്രിക് കാർഡ് നമ്പർ :
12. അപേക്ഷകൻ ഉൾപ്പെടുന്ന വിഭാഗം :

    ജനറൽ ☐ ഒ.ബി.സി ☐ ഒ.ഇ.സി ☐ എസ്.സി ☐ എസ്.റ്റി ☐

13. രക്ഷകർത്താവ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് രജി. ചെയ്ത വിവരം :

    മത്സ്യഗ്രാമത്തിന്റെ പേര് :

    അംഗത്വ നമ്പർ :

## II. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തെ സംബന്ധിച്ച വിവരങ്ങൾ

1. പഠിച്ച സ്ഥാപനത്തിന്റെ പേരും വിലാസവും :

2. പഠിച്ച കോഴ്സ് : (ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി)

3. പഠിച്ച സിലബസ് : (സ്റ്റേറ്റ്/സി.ബി.എസ്.സി./ഐ.സി.എസ്.സി)

4. പാസ്സായ വർഷം :

5. സയൻസ് വിഷയങ്ങൾക്ക് (ഫിസിക്സ്/ കെമിസ്ട്രി/ബയോളജി) ലഭിച്ച മാർക്ക് : ---------%

6. കേരള മെഡിക്കൽ എൻട്രൻസ് മുൻപ് എഴുതിയിട്ടുണ്ടെങ്കിൽ രജി. നം. :
   ലഭിച്ച മാർക്ക് : ---------%

7. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി) പഠന കാലയളവിൽ മത്സ്യത്തൊഴിലാളി വിദ്യാഭ്യാസ ആനുകൂല്യം : ഉണ്ട്/ഇല്ല

### <u>സത്യപ്രസ്താവന</u>

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. പരിശീലന പരിപാടിയിൽ പങ്കെടുത്ത ശേഷം പകുതിയിൽ വച്ച് നിറുത്തി പോകുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന നഷ്ടവും സർക്കാർ ചുമത്തുന്ന പിഴയും സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് എനിക്ക് സമ്മതമാണ്.

അപേക്ഷകന്റെ ഒപ്പ്

(പേര്)

രക്ഷിതാവിന്റെ ഒപ്പ്

(പേര്)

സ്ഥലം :
തീയതി :

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഫോട്ടോയും രക്ഷാകർത്താവ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.